"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - കേരള ആംഡ് പോലീസ് ബറ്റാലിയൻ V - ലെ അസിസ്റ്റന്റ് കമാൻഡന്റ് ശ്രീ.ഷാജി ജോസഫിന് ക്വാർട്ടേഴ്സിൽ തുടർ താമസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2291/2026/HOME തീയതി,തിരുവനന്തപുരം, 08-07-2026

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 19.06.2026 തീയതിയിലെ H14-237823/2025/PHQ നമ്പർ കത്ത്

**ഉത്തരവ്**

കേരള ആംഡ് പോലീസ് ബറ്റാലിയൻ V - ലെ അസിസ്റ്റന്റ് കമാൻഡന്റ് ശ്രീ.ഷാജി ജോസഫിന് കേരള പോലീസ് അക്കാദമിയിലെ ഫാമിലി ക്വാർട്ടേഴ്സ് നം C-6 ൽ 31.03.2026 വരെ താമസം അനുവദിച്ചിട്ടുണ്ട്. ടിയാൻ രോഗികളായ മാതാപിതാക്കളും ഭാര്യയും ഇരട്ടക്കുട്ടികളുമായാണ് പ്രസ്തുത ക്വാർട്ടേഴ്സിൽ താമസിച്ച് വരുന്നതെന്നും ഇരട്ടക്കുട്ടികളിൽ ഒരാൾക്ക് 65% Physical disability - ഉണ്ടെന്നും മറ്റേ കുട്ടിയും നിരന്തര വൈദ്യപരിചരണത്തിലാണെന്നും ആയതിനാൽ ടിയാന്റെ ക്വാർട്ടേഴ്സിലെ താമസം ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്നും അപേക്ഷിച്ചു. കേരള പോലീസ് അക്കാദമിയിൽ നിലവിൽ ക്വാർട്ടേഴ്സിനായി അപേക്ഷകളൊന്നും പെൻഡിംഗ് ഇല്ലെന്ന് കേരള പോലീസ് അക്കാദമി ഡയറക്ടർ അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ ശ്രീ.ഷാജി ജോസഫിന് കേരള പോലീസ് അക്കാദമിയിലെ ഫാമിലി ക്വാർട്ടേഴ്സ് നം C-6 ൽ 01.04.2026 മുതൽ 31.03.2027 വരെ, മറ്റ് അർഹമായ അപേക്ഷകൾ വന്നാൽ ക്വാർട്ടേഴ്സ് ഒഴിയണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, തുടർതാമസം അനുവദിക്കാവുന്നതാണെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിച്ചു.

2.മേൽ വിഷയം സർക്കാർ പരിശോധിച്ചു. പരാമർശത്തിലെ ശിപാർശ പ്രകാരം, ശ്രീ.ഷാജി ജോസഫ്, അസിസ്റ്റന്റ് കമാൻഡന്റിന് കേരള പോലീസ് അക്കാദമിയിലെ ഫാമിലി ക്വാർട്ടേഴ്സ് നം C-6 ൽ 01.04.2026 മുതൽ 31.03.2027 വരെ, മറ്റ് അർഹമായ അപേക്ഷകൾ

വന്നാൽ ക്വാർട്ടേഴ്സ് ഒഴിയണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, തുടർ താമസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SUNITHA S GEORGE**

ഡെപ്യൂട്ടി സെക്രട്ടറി

1. സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
2.ഡയറക്ടർ, കേരള പോലീസ് അക്കാദമി,തൃശ്ശൂർ.
3.ശ്രീ.ഷാജി ജോസഫ്, അസിസ്റ്റന്റ് കമ്മാൻഡന്റ് (ഡയറക്ടർ, കേരള പോലീസ് അക്കാദമി,തൃശ്ശൂർ മുഖേന)
4.ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ, ഐ& പി ആർ ഡി
5.കരുതൽ ഫയൽ(HOME-D3/145/2026-HOME )

ഉത്തരവിൻ പ്രകാരം

Signed by
Santhosh Mon T
Date: 08-07-2026 12:17:48

സെക്ഷൻ ഓഫീസർ